1284428/18/T-OHSE

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - സംസ്ഥാനത്തെ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ സ്ഥലം മാറ്റം- 2018-19 ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ.(അച്ചടി)നം. 138 /2018/പൊവി തീയതി,.തിരുവനന്തപുരം 03.10.2018

---

പരാമർശം:-
1). 26/10/2015 ലെ സ.ഉ. (സാധാ) 5035/2015 പൊ. വി.വ നമ്പർ ഉത്തരവ്
2). ഒ. എ നമ്പർ 1019/2017 ലും അനുബന്ധ കേസുകളിലും മേൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20/12/2017 ലെ ഉത്തരവ്
3) ഒ. എ നമ്പർ 905/2018 ലും അനുബന്ധ കേസുകളിലും ബഹു കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18.06.2018.ലെ ഉത്തരവ്
4) ഒ.പി (KAT) നമ്പർ 270/18 മേൽ ബഹു. കേരളാ കേരള ഹൈക്കോടതിയുടെ 20/08/2018 ലെ ഉത്തരവ്.
5) ഒ. എ നമ്പർ 1932/2017, 2012/2017, 674/2018, 1067/2018, എന്നിവകളിൻമേൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19/09/2018 ലെ ഉത്തരവ്.
6). ഒ. എ നമ്പർ 204/2018 ൻമേൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 09/07/2018 ലെ ഉത്തരവ്

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ ഗവ. ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് പരാമർശം ഒന്നു മുതൽ ഏഴു വരെയുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറി 27.09.2018, 28.09.2018, 01.10.2018 തീയ്യതികളിൽ ബന്ധപ്പെട്ട അദ്ധ്യാപകരെ കേൾക്കുകയുണ്ടായി. അവർ വാക്കാലും രേഖാമൂലവും ഉന്നയിച്ച വാദങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കംപാഷനേറ്റ്/ പ്രയോറിറ്റി സ്ഥലം മാറ്റം 26.10.2015 ലെ സ.ഉ. 5035/2015/പൊ.വി.വ എന്ന ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് റവന്യൂ ജി...

അടിസ്ഥാനപ്പെടുത്തിയാണ് നടത്തേണ്ടതാണ്.

2. കംപാഷനേറ്റ്/ പ്രയോറിറ്റി സ്ഥലംമാറ്റം ജില്ലയിലുണ്ടാകുന്ന ആകെ ഒഴിവുകൾ കണക്കിലെടുത്താണ് നടത്തേണ്ടതെന്ന് ബഹു. ട്രിബ്യൂണലും, ബഹു ഹൈക്കോടതിയും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത രീതി അവലംബിച്ച് ഒരു ജില്ലയിൽ ഒരു വിഷയത്തിൽ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ഒരു യൂണിറ്റായി കണക്കാക്കിയാണ് കംപാഷനേറ്റ്/ പ്രയോറിറ്റി ട്രാൻസ്ഫർ നടത്തേണ്ടത്.

3. മേൽപറഞ്ഞ രീതിയിൽ സ്ഥലം മാറ്റ നടപടികൾ സൂചന നാലിലെ ഹൈക്കോടതി ഉത്തരവിലെ സമയപരിധിക്കുള്ളിലെ ഹയർസെക്കണ്ടറി ഡയറക്ടർ നടത്തേണ്ടതാണ്.

4. അദ്ധ്യാപകർ ഹിയറിങ്ങ് സമയത്ത് ഉയർത്തിയ മറ്റെല്ലാ ആവശ്യങ്ങളിലും വിശദമായ പരിശോധന ആവശ്യമുണ്ട്. ഇത് സംബന്ധിച്ച് പരിശോധന നടത്തി സമഗ്രമായ നിർദ്ദേശം സമയബന്ധിതമായി സമർപ്പിക്കാൻ 01.10.2018 ലെ സ.ഉ (സാധാ) 3888/2018/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ രൂപീകരിച്ച കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എച്ച് നജീബ്
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ്, ജനറൽ, ബ്രാഞ്ച് ഓഫീസ്, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്തോട് കൂടി)
ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ, ഇൻഫർ മേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി എ
പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ